എൻഫോഴ്സ്മെൻറിനെക്കുറിച്ച് അവിടെ പറയുകയുണ്ടായി. ക്രമേണ എൻഫോഴ്സ്മെൻറ് ശക്തമാക്കണമെന്ന സുപ്രീം കോടതിയുടെ റൂളിംഗ് ഹൈക്കോടതി അംഗീകരിച്ച് കൂടുതൽ ശിക്ഷ നൽകുന്ന വളരെ സ്വാഗതാർഹമായ പ്രവണത വളർന്നു വരുന്നു. ധാരാളം കേസ്സുകളിൽ ഞങ്ങൾ എൻഫോഴ്സ് ചെയ്തിട്ടുണ്ട്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വോട്ടിനിട്ട് അംഗീകരിച്ചു.

1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കി.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച 1985-ലെ കേരള (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് 1985-ലെ കേരള (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വലിയ തർക്കമൊന്നുമില്ല. പിരിഞ്ഞുപോയ എം. എൽ. എ. മാർക്ക് ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനുള്ള ഒരു ഭേദഗതിയാണിത്. എം. എൽ. എ. മാർക്ക് ആദ്യമുണ്ടായിരുന്ന ചികിത്സാ സൗകര്യങ്ങൾ തന്നെയാണ് പിരിഞ്ഞുപോയ എം. എൽ. എ. മാർക്കും കൊടുത്തത്. പിന്നീട് മന്ത്രിമാർക്കുള്ള ആനുകൂല്യങ്ങൾ എം. എൽ. എ. മാർക്കുംകൂടി നല്കിക്കൊണ്ട് ഭേദഗതി ചെയ്തപ്പോൾ അതു ആനുകൂല്യങ്ങൾ തുടരുന്നതുകൊണ്ട് പുറത്തുപോയി ചികിത്സിക്കുവാൻ ഉൾപ്പെടെയുള്ള കോംപ്ലിക്കേഷൻ വന്നു. അതുകൊണ്ട് വ്യക്തമായി ഓഫീസേഴ്സിന്റെ സ്കെയിൽ അനുസരിച്ച് ബാക്കി നിയമങ്ങൾകൂടി പൊരുത്തപ്പെടുത്തി, അവർക്ക് വേഗത്തിൽ ചികിൽസാ സൗകര്യങ്ങൾ കിട്ടുവാനിടയാക്കും. അതുകൊണ്ടാണ് ഈ ഭേദഗതി വേണ്ടിവന്നത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് 1985-ലെ കേരള(ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനക്കെടുത്തു.

Clause 2

Chief Minister (**Shri. K. Karunakaran**): Sir, I move an oral amendment: In clause 2 for the words "as a Class-I Officer/Grade-I

LIBRARY ARCHIVES Kerala Legislative Assembly

officer of the State Government is entitled to from time to time", the words, "as a Class-I Officer/Grade-I Officer of All India Services is entitled to, from time to time", shall be substituted.

ഇതിൽ "as a Class-I Officer/Grade-I Officer of All India Services is entitled to, from time to time", എന്നു substitute ചെയ്യണം. അതായത്, 'സ്റ്റേറ്റ് സർവ്വീസ്' എന്നു മാത്രം പോരാ, 'ആൾ ഇൻഡ്യാ സർവ്വീസ്' എന്നുകൂടി വന്നാൽ മാത്രമേ മറ്റുള്ളതും കൂടി പൊരുത്തപ്പെടുത്തുവാൻ കഴിയുകയുള്ളു.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

Clause 1

Chief Minister (**Shri. K. Karunakaran**): Sir, I move that, in sub-clause (1) of clause 1, for the figures "1985", the figures "1986" shall be substituted.

മുഖ്യമന്ത്രി ശ്രീ. കരുണാകരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

തത്പ്രഖ്യാപന വാക്യവും പീഠികയും പേരും

Chief Minister (**Shri. K. Karunakaran**): Sir, I move that, in the Enacting formula, for the words "Thirty-sixth", the words "Thirty-seventh" shall be substituted.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തത്പ്രഖ്യാപന വാക്യവും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തത്പ്രഖ്യാപന വാക്യവും പീഠികയും പേരും ബില്ലിന്റെ ഭാഗമായി തീർന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച 1985-ലെ കേരള (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാനിതിനെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച 1935-ലെ കേരള (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

(5) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ, കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സബ്ജക്ട് കമ്മിറ്റിയിൽ പോയ അവസരത്തിൽ ഒരു കാര്യത്തിൽ മാത്രമാണ് അഭിപ്രായ വ്യത്യാസമുണ്ടായിട്ടുള്ളത്. ഇതിന്റെ കൂടിയാലോചനക്ക് വേണ്ടത്ര സമയം കിട്ടിയിട്ടില്ല എന്നുപറഞ്ഞു. അതു ശരിയല്ല. ഇത് പല ഘട്ടങ്ങളിലായിട്ടാണ് ആലോചിച്ചിരുന്നത്. എല്ലാവർക്കും ഒരേ അഭിപ്രായം സ്വീകരിക്കുവാൻ സാധിച്ചില്ല. വ്യത്യസ്തമായ നിരക്കാണ് പല ആളുകളും നിർദ്ദേശിച്ചിരുന്നത്. ആദ്യം പെൻഷൻ ഏർപ്പെടുത്തുന്ന അവസരത്തിൽ പാർലമെന്റിൽ സ്വീകരിച്ച നയത്തിനനുയോജ്യമായ നയമായിരുന്നു ഈ ബില്ലിലും സ്വീകരിച്ചത്. ഒരു മാറ്റം മാത്രമേയുണ്ടായിരുന്നുള്ളു. പാർലമെന്റിൽ അഞ്ചുകൊല്ലമെന്ന് നിശ്ചയിച്ചിരുന്നതാണ്. കാരണം പാർലമെന്റ് ആറുകൊല്ലത്തിൽ കുറയില്ലെന്നുള്ളതുകൊണ്ടാണ്. നേരെ മറിച്ച്, കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം അഞ്ചുകൊല്ലം പൂർത്തിയാക്കുകയെന്നുള്ളതു അപൂർവ്വമായ കാര്യമായിരുന്നു. അഞ്ചുകൊല്ലമെന്നുള്ളതു മാത്രം ഒരു ഭേദഗതി വരുത്തിക്കൊണ്ട് ഒരു മാസത്തെ ശമ്പളം മാക്സിമം പെൻഷനായിട്ടാണ് പാർലമെന്റിൽ നിശ്ചയിച്ചത്. അതു അഞ്ഞൂറു രൂപയായിരുന്നു. അഞ്ഞൂറു രൂപ ഇവിടേയും ഇൻട്രൊഡ്യൂസ് ചെയ്തപ്പോൾ ഒരു മാസത്തെ ശമ്പളമാണ് പാർലമെന്റിൽ നിശ്ചയിച്ചിട്ടുള്ളതെന്നുള്ളതുകൊണ്ട് 450 രൂപയാക്കി. അതായത്, പാർലമെന്റിനെ ഫോളോ ചെയ്തിട്ടുണ്ടെന്നർത്ഥം. ഇപ്പോൾ പാർലമെന്റ് സംഖ്യ നിശ്ചയിക്കുന്നതും പരിധിവെച്ചിട്ടാണ്. എത്ര കൊല്ലമാണോ എം. പി. യായിട്ട് ഇരിക്കുന്നത് അത്രയും കൊല്ലം, ഓരോ കൊല്ലത്തിന് അൻപത് രൂപ വെച്ച് കൊടുക്കുവാനാണ് തീരുമാനിച്ചത്. ഇവിടെ നമ്മൾ അപ്പർ ലിമിറ്റ് എടുത്തുകളഞ്ഞുവെന്നു മാത്രമേയുള്ളു. ഇന്നുള്ള 450 രൂപയെന്നുള്ള റേറ്റു ഫിക്സ് ചെയ്യുന്നതിന് അപ്പർ ലിമിറ്റ് എടുത്തുകളയുന്ന ഒരു ഭേദഗതി മാത്രമാണിത്. ഇതു പൊതുവെ അംഗീകരിക്കാവുന്നതാണ്. അതുകൊണ്ട് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly